# CAREER Updates
# പത്രവൃത്താന്തം

**12.07.2024 (വെള്ളി)**




➪ സംസ്ഥാന മനുഷ്യാവകാശ കമ്മിഷന്റെ പുതിയ ചെയർമാൻ

✔ ജസ്റ്റിസ് അലക്സാണ്ടർ തോമസ്

- മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, നിയമസഭാ സ്പീക്കർ എന്നിവരടങ്ങിയ ഉന്നതതല സമിതിയാണ് ജസ്റ്റിസ് അലക്സാണ്ടർ തോമസിനെ സംസ്ഥാന മനുഷ്യാവകാശ കമ്മിഷന്റെ ചെയർമാനായി തിരഞ്ഞെടുത്തത്. സമിതിയുടെ ശിപാർശ ഗവർണ്ണർക്ക് കൈമാറും. ഗവർണ്ണറുടെ അംഗീകാരത്തോടെ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം ചെയർമാൻ ഔദ്യോഗികമായി ചുമതലയേൽക്കും.
- 2014 മുതൽ ഹൈക്കോടതിയിൽ ജഡ്ജിയായി സേവനമാരംഭിച്ച ജസ്റ്റിസ് അലക്സാണ്ടർ തോമസ് 2023 സെപ്തംബറിലാണ് വിരമിച്ചത്. കേരള ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസായും ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

➪ ഹ്രസ്വകാല സേവനത്തിനുശേഷം വിരമിക്കുന്ന അഗ്നിവീറുകൾക്ക് ബി.എസ്.എഫ്., സി.ആർ.പി.എഫ്., സി.ഐ.എസ്.എഫ്., സശസ്ത്ര സീമാബൽ തുടങ്ങിയ അർദ്ധ സൈനിക വിഭാഗങ്ങളിൽ എത്ര ശതമാനം സംവരണമാണ് 2024 ജൂലൈയിൽ അനുവദിക്കപ്പെട്ടത്?

✔ 10%

➪ 2024 ജൂലൈയിൽ രാജ്യാന്തര ഫുട്ബോളിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടുന്ന രണ്ടാമത്തെ താരമായത്

✔ ലയണൽ മെസ്സി (109 ഗോൾ)

- ക്രിസ്റ്റ്യാനോ റൊണാൾഡോ ആണ് രാജ്യാന്തര ഗോൾ നേട്ടത്തിൽ ഏറ്റവും മുന്നിൽ (130 ഗോളുകൾ).

➪ ഇംഗ്ലണ്ടിലെ എഡിൻബറ സർവകലാശാലയിലെ അലൻ ടൂറിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ കേരളത്തിൽ നിർമ്മിത ബുദ്ധി കേന്ദ്രം നിലവിൽ വരുന്നതെവിടെ?

✔ കേരള ഡിജിറ്റൽ സർവകലാശാല, തിരുവനന്തപുരം

➪ കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന പ്രൊഫഷണൽ ലീഗായ കേരള ക്രിക്കറ്റ് ലീഗിന്റെ ബ്രാൻഡ് അംബാസഡറായി നിയമിതനായത്

✔ മോഹൻലാൽ

➪ 2024 ജൂലൈയിൽ സേനകൾക്ക് ആവശ്യമായ സാങ്കേതികവിദ്യകൾ സ്വകാര്യപങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഡി.ആർ.ഡി.ഒ. യുടെ ധനസഹായം ലഭിച്ച കേരളത്തിലെ സ്റ്റാർട്ടപ്പ്

✔ ഐറോവ് ടെക്നോളജീസ്

- കപ്പലുകളും മറ്റും തകർക്കാൻ ശത്രുസൈന്യം ജലത്തിനടിയിൽ സ്ഥാപിക്കുന്ന മൈനുകൾ കണ്ടെത്തി നിർവീര്യമാക്കുന്നതിനുള്ള ജലാന്തര ഡ്രോണുകൾ വികസിപ്പിക്കുന്നതിനാണ് ഡി.ആർ.ഡി.ഒ. യുടെ ധനസഹായം ലഭിച്ചത്.

➪ 'കീഴരിയൂർ ബോംബ് കേസിന്റെ ബുദ്ധികേന്ദ്രം' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഡോ. കെ.ബി. മേനോനെക്കുറിച്ചുള്ള 'അധികാരികളെ ഞെട്ടിച്ച ആഗസ്റ്റ് സ്ഫോടനങ്ങൾ' എന്ന പുസ്തകം രചിച്ചത്

✔ ബി.കെ. തിരുവോത്ത്


CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999